പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.352 07.08.2017 ൽ മറുപടിയ്ക്ക്

ഓണച്ചന്തകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി) |
| (എ) ഓണക്കാലത്ത് എത്ര ഓണ ച്ചന്തകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പഞ്ചായത്ത് അടിസ്ഥാനത്തിൽ ഓണച്ചന്തകൾ ആരംഭിക്കുമോ; | (എ) യും (ബി) യും സപ്ലൈകോ വിൽപ്പന ശാലകൾ ഇല്ലാത്ത 30 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ ഓണക്കാലത്ത് സംസ്ഥാനത്തൊട്ടാകെ 1,470 ഓണച്ചന്തകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഓണക്കാലത്ത് അവശ്യസാധനങ്ങളുടെ വിലക്കയറ്റമുണ്ടാകാതിരിക്കാൻ മാവേലി സ്റ്റോറുകളുടെയും പൊതു വിതരണ കേന്ദ്രങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (സി) ഓണക്കാലത്ത് ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രണത്തിനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് മുതലായ കൃത്രിമ മാർഗ്ഗങ്ങളിലൂടെ വിലക്കയറ്റം ഉണ്ടാക്കുന്ന പ്രവണത തടയുന്നതിനുമായി സപ്ലൈകോ കൂടുതൽ ഫെയറുകളും ഓണച്ചന്തകളും ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകൾ പഞ്ചായത്തിന്റെ സഹകരണത്തോടെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓണം ഫെയറുകളിലൂടെ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിലും മിതമായ വിലയിലും സാധനങ്ങൾ എത്തിക്കുന്നതു വഴി വിലക്കയറ്റം നിയന്ത്രിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ